## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 992 | 08.01.2014 ൽ മറുപടിയ്ക്ക്

### പട്ടികജാതി വികസന നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>,, വി.പി. സജീന്ദ്രൻ<br>,, കെ. അച്ചുതൻ<br>,, ജോസഫ് വാഴക്കൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന നയത്തിന് കരട് രൂപീകരിച്ചിട്ടുണ്ടോ; | (എ) | സർക്കാർ അംഗീകരിച്ച പട്ടികജാതി വികസന നയത്തിന്റെ കരട് സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | പട്ടികജാതിക്കാരുടെ പുരോഗതി ലക്ഷ്യമാക്കി നൂതനമായ കർമ്മപരിപാടികൾ ആവിഷ്കരിച്ച്, ആ വിഭാഗത്തിന്റെ പിന്നാക്കാവസ്ഥയും അവശതകളും പരിഹരിക്കുന്നതിനും സർക്കാർ നടപ്പിലാക്കുന്ന വികസന-ക്ഷേമ പദ്ധതികളുടെ പ്രയോജനങ്ങൾ പൂർണ്ണമായും ലഭിക്കുന്നത് ഉറപ്പുവരുത്തുന്നതിനുമായി കുട്ടികളെയും, അമ്മമാരെയും പ്രായമായവരെയും കേന്ദ്രീകരിച്ചുകൊണ്ട് പട്ടികജാതി വിഭാഗക്കാരുടെ ത്വരിത ഗതിയിലുള്ളതും, സമ്പൂർണ്ണവുമായ വളർച്ചയാണ് ഈ നയത്തിലൂടെ ലക്ഷ്യമാക്കുന്നത്. |
| (സി) | പട്ടിക വിഭാഗങ്ങൾക്കായുള്ള ക്ഷേമവികസന പദ്ധതികൾ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് വികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | പട്ടികജാതി വിഭാഗക്കാരുടെ പിന്നോക്കാവസ്ഥയും, അവശതകളും പരിഹരിക്കുന്നതിനും, സർക്കാർ നടപ്പിലാക്കുന്ന വികസന ക്ഷേമ പദ്ധതികളുടെ പ്രയോജനം പൂർണ്ണമായും ഈ വിഭാഗത്തിന് ലഭിക്കുന്നതിനും, സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന പട്ടികജാതി ജനവിഭാഗത്തെ ഇതര വിഭാഗങ്ങൾക്കൊപ്പം പുരോഗതിയിലേക്ക് നയിക്കുന്നതിനുമായി വിദ്യാഭ്യാസം, സാമൂഹിക ക്ഷേമം, ആരോഗ്യം, തൊഴിൽ, കലാസാംസ്കാരികം, കായികം, സാഹിത്യം, തദ്ദേശ സ്വയം ഭരണം തുടങ്ങിയ മേഖലകളിൽ പട്ടികജാതി വിഭാഗക്കാർക്ക് മുന്നേറുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | നൂതനമായ കർമ്മ പരിപാടികളും കുട്ടികളുടെയും അമ്മമാരുടെയും പ്രായമായവരുടെയും വിഷയങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ളതുമായ നയ പരിപാടികളാണ് കരട് വികസന നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ഡി) | പ്രസ്തുത നയത്തിന്റെ അന്തിമ രൂപം എന്ന് പുറപ്പെടുവിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | സർക്കാർ അംഗീകരിച്ച കരട് പട്ടികജാതി വികസന നയം സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത നയം പരമാവധി സമ്പുഷ്ടവും കുറ്റമറ്റതുമാക്കുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ, ജനപ്രതിനിധികൾ, മറ്റ് പ്രമുഖ വ്യക്തികൾ തുടങ്ങിയവരുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ച് നയത്തിന്റെ അന്തിമ രൂപം അടിയന്തിരമായി പുറപ്പെടുവിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

Sali K.J
സെക്ഷൻ ഓഫീസർ